(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) & (എഫ്) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ശംഖുംമുഖത്തുള്ള ഇൻഡോർ റിക്രിയേഷൻ സെന്ററിൽ ടേബിൾ ടെന്നീസിൽ പരിശീലന സൗകര്യം നിലവിലുണ്ട്.

മത്സ്യകൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് നടപടി

115 [3371] *ശ്രീ. പി. ജയരാജൻ:*

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങളെക്കുറിച്ചും ഓരുജല പ്രദേശങ്ങളെക്കുറിച്ചും സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മത്സ്യകൃഷിക്ക് അനുയോജ്യമായ ഈ സ്ഥലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ; നിലവിലുള്ള സ്ഥലങ്ങളുടെ എത്ര ശതമാനം മത്സ്യകൃഷിക്കായി പ്രയോജനപ്പെടുത്താൻ സാദ്ധ്യമായിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. 1991-ൽ അഡാക്ക്, ഓരുജല പ്രദേശങ്ങളെക്കുറിച്ചും 1997-98-ൽ സംസ്ഥാന മത്സ്യവകുപ്പ് ജനകീയ മത്സ്യകൃഷി നടപ്പാക്കുന്നതിന് ശുദ്ധജലാശയങ്ങളെക്കുറിച്ചും സർവ്വേ നടത്തുകയും ആയത് ഉൾക്കൊള്ളിച്ചുകൊണ്ട് പാൻഫിഷ് ബുക്ക് എന്ന പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഓരുജലാശയങ്ങളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	*ജില്ലയുടെ പേര്*	*ഏരിയ (ഹെക്ടർ)*
1	കാസർഗോഡ്	3,248.25
2	കണ്ണൂർ	5,944.10
3	കോഴിക്കോട്	4,162.44
4	മലപ്പുറം	1,796.26
5	തൃശ്ശൂർ	4,271.94
6	എറണാകുളം	16,212.71

GPM. 2/609/2012—20

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ലയുടെ പേര്	ഏരിയ (ഹെക്ടർ)
7	കോട്ടയം	4,326.74
8	ആലപ്പുഴ	15,222.92
9	കൊല്ലം	8,603.62
10	തിരുവനന്തപുരം	1,423.98
	ആകെ	65,212.96

ശുദ്ധജലാശയങ്ങളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	ജലാശയങ്ങൾ	എണ്ണം	വിസ്തൃതി (ഹെക്ടർ)
1	സ്വകാര്യകുളങ്ങൾ	35763	21986
2	പഞ്ചായത്തുകുളങ്ങൾ	6848	1487
3	കാവി കുളങ്ങൾ	879	341
4	ദേവാലയങ്ങളുമായി ബന്ധപ്പെട്ട കുളങ്ങൾ	689	480
5	വില്ലജ് കുളങ്ങൾ	185	496
6	ഇറിഗേഷൻ ടാങ്കുകൾ	852	2835
7	പൊതുമേഖലയിലുള്ള മത്സ്യഫാമുകൾ	13	85
8	ശുദ്ധജല കായലുകൾ	9	1620
9	നദികൾ	44	85000
10	ചെക്ക് ഡാമുകൾ	80	259
11	ബണ്ട്, തണ്ണീർതടങ്ങൾ മുതലായവ	70	879
12	ജലസംഭരണികൾ	53	42890
	ആകെ		158358

(ബി) ഉണ്ട്. അതിനുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മത്സ്യകർഷക വികസന ഏജൻസികൾ, ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ എന്നിവവഴിയുള്ള വികസന പദ്ധതികൾ.

2. അഡാക്ക് മുഖാന്തിരം നടപ്പാക്കുന്ന ഒരു നെല്ലും ഒരു മീനും പദ്ധതി, പൊക്കാളി നിലങ്ങളിലെ ചെമ്മീൻ കൃഷി പദ്ധതി.

3. ജലസംഭരണികളിലെ മത്സ്യകൃഷി.

നിലവിലുള്ള മത്സ്യകൃഷിക്കനുയോജ്യമായ സ്ഥലത്തിന്റെ 50% ശുദ്ധജല മത്സ്യകൃഷി വികസനത്തിനായും 22% ഓരുജല മത്സ്യകൃഷി വികസനത്തിനായും പ്രയോജനപ്പെടുത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly